# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ. 236 (a)/2024 തിരുവനന്തപുരം, തീയതി: 23/10/2024

## പത്രക്കുറിപ്പ്

## ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളസർവകലാശാലയുടേത് അഭിമാനകരമായ മുന്നേറ്റമാണെന്ന് മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ

ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളസർവകലാശാലയുടേത് അഭിമാനകരമായ മുന്നേറ്റമാണെന്ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പറഞ്ഞു.

സംസ്ഥാന സർക്കാരിന്റെ നാലാം 100 ദിന കർമ്മപരിപാടികളുടെ ഭാഗമായി കേരള സർവ്വകലാശാല കാര്യവട്ടം ക്യാമ്പസിൽ രണ്ട് ഹോസ്റ്റലുകളുടെയും റീജനറേറ്റീവ് മെഡിസിൻ & സ്റ്റെം സെൽ ലബോറട്ടറി കെട്ടിടത്തിന്റെയും ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ മികച്ച സർവകലാശാലകളുടെ പട്ടികയിൽ നമ്മുടെ സർവ്വകലാശാലകളും ഇടം പിടിക്കണമെന്ന് സർവകലാശാല വൈസ് ചാൻസലർമാരുടെ യോഗത്തിൽ മുമ്പ് താൻ ആവശ്യപ്പെട്ടിരുന്നു. അത് വൈസ് ചാൻസലർമാർ ആവേശത്തോടെ ഏറ്റെടുത്തു നടപ്പാക്കി എന്നത് സന്തോഷകരമായ കാര്യമാണ്. അതിൽ കേരള സർവ്വകലാശാല എല്ലാ രീതിയിലും മുന്നേറുകയാണ് എന്ന് മുഖ്യമന്ത്രി തുടർന്ന് പറഞ്ഞു. ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു അധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ. കടകംപള്ളി സുരേന്ദ്രൻ എംഎൽഎ വിശിഷ്ടാതിഥിയായിരുന്നു. വൈസ് ചാൻസലർ പ്രൊഫ (ഡോ.) മോഹനൻ കുന്നുമ്മൽ ആമുഖപ്രഭാഷണം നടത്തി. പെൺകുട്ടികൾക്കും ആൺ കുട്ടികൾക്കുമായി KIIFB പദ്ധതി വഴിയാണ് ഹോസ്റ്റലുകൾ നിർമ്മിച്ചത്. റീജനറേറ്റീവ് മെഡിസിൻ & സ്റ്റെം സെൽ ലബോറട്ടറി സംസ്ഥാനസർക്കാരിന്റെ PLEASE (Scheme for Performance Linked Encouragement for Academic Studies and Endeavour) പദ്ധതിയുടെ ഭാഗമായാണ് നിർമ്മിച്ചത്.

സിൻഡിക്കേറ്റ് ഫിനാൻസ് കമ്മിറ്റി കൺവീനർ അഡ്വ.ജി.മുരളീധരൻ സ്വാഗതം പറഞ്ഞ ചടങ്ങിൽ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ.എസ്.നസീബ്, ഡോ. ഷിജുഖാൻ ജെ.എസ്., പ്രൊഫ. (ഡോ.) പി.എം. രാധാമണി, ശ്രീ. ആർ. രാജേഷ്, ഡോ.കെ.ജി. ഗോപ്ചന്ദ്രൻ, ഡോ.എം. ലെനിൻ ലാൽ, ഡോ.റഹിം കെ., ഡോ.പ്രമോദ് എൻ., ഡോ.ടി.ആർ.മനോജ്, അഡ്വ. ആർ.ബി. രാജീവ്കുമാർ, ശ്രീ.അജയ് ഡി.എൻ., ശ്രീ. അഹമ്മദ് ഫാസിൽ വൈ., ശ്രീ.പി.എസ്.ഗോപകുമാർ, രജിസ്ട്രാർ പ്രൊഫ (ഡോ.) കെ.എസ്. അനിൽ കുമാർ, KIIFB കോർഡിനേറ്റർ ഡോ. സാം സോളമൻ, ക്യാമ്പസ് ഡയറക്ടർ ഡോ. ജോസുകുട്ടി സി.എ., റീജനറേറ്റീവ് മെഡിസിൻ & സ്റ്റെം സെൽ ലബോറട്ടറി ഡയറക്ടർ ഡോ. ശ്രീജിത് പരമേശ്വരപ്പണിക്കർ, ഗവേഷക യൂണിയൻ ചെയർ പേഴ്സൺ ശ്രീ. അജിന്ത് അജയ് എന്നിവർ പങ്കെടുത്തു.

(ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്)

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**